(സി) വില്ലേജ് ഓഫീസിലേക്ക് അടയ്ക്കേണ്ട/പിരിഞ്ഞ് കിട്ടേണ്ട നികുതികളും മറ്റ് തുകകളും സ്വഗൃഹത്തിലിരുന്നതന്നെ കമ്പ്യൂട്ടറിന്റെയോ സ്മാർട്ട് ഫോണിന്റെയോ സഹായത്തോടെ അടയ്ക്കുവാൻ സാധിക്കുന്ന വിപ്ലവകരമായ ഒരു പരിഷ്കാരമാണ് ഇത്. ഇതിലേക്കായി നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ വിനിയോഗിച്ചുകൊണ്ട് മറ്റ് ചെലവുകളില്ലാതെ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതിക്കാവശ്യമായ സോഫ്റ്റ്വെയറായ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം രണ്ടാം പതിപ്പ് (ReLIS ver 2.0) വികസിപ്പിച്ചെടുത്തിട്ടുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററാണ് ഭൂനികുതിഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യവും വികസിപ്പിച്ചെടുക്കുന്നത്. ആയത് അന്ത്യഘട്ടത്തിലുമാണ്. ഈ സോഫ്റ്റ്വെയർ സംവിധാനം പൂർണ്ണമായും ഉപയോഗക്ഷമമാകുന്നതോടുകൂടി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യവും നിലവിൽ വരുന്നതാണ്.

കുന്നംകുളം മിനി സിവിൽ സ്റ്റേഷൻ

143(1209) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കുന്നംകുളം മിനി സിവിൽസ്റ്റേഷൻ കെട്ടിടത്തിലെ കോൺഫറൻസ് ഹാളിൽ വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്തതുകൊണ്ട് ഫാൻ, മൈക്ക് എന്നിവ പ്രവർത്തിപ്പിക്കാൻ കഴിയാത്തതിനാൽ വിവിധ വകുപ്പുകളുടെ പ്രതിമാസ കോൺഫറൻസുകൾ നടത്താൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മിനിസിവിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചിട്ട് വർഷം 5 കഴിഞ്ഞു എന്നതു കണക്കിലെടുത്ത് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കാൻ ജില്ല താലൂക്ക് റവന്യൂ അധികാരികൾക്ക് കർശന നിർദ്ദേശം നൽകുമോ; എങ്കിൽ അതു സംബന്ധിച്ച് വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ പേരിലുള്ള വൈദ്യുതി കണക്ഷനായിരുന്ന മുൻകാലങ്ങളിൽ പ്രസ്തുത കോൺഫറൻസ് ഹാളിന് ഉണ്ടായിരുന്നത്. വൈദ്യുതി ബിൽ കുടിശ്ശികയായതിനെ തുടർന്ന് പ്രസ്തുത കണക്ഷൻ ഇലക്ട്രിസിറ്റി ബോർഡ് വിച്ഛേദിച്ചിരുന്നു. ആയത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റേറ്റ് ഓഫീസറായ തലപ്പിള്ളി തഹസിൽദാർക്ക് വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുകയും തഹസിൽദാർ വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly